പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 257

# 2009-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2009

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 257

# 2009-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

312/2009.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 257

# 2009-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപതാം സംവൽസരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 34-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 34-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എഎ) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേക്ക് മത്സരിക്കുന്നതിന് വേണ്ടി 52-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വരണാധികാരി മുൻപാകെ ഹാജരാക്കിയിരുന്ന ജാതി സർട്ടിഫിക്കറ്റോ, നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിച്ചിരുന്ന സത്യപ്രസ്താവനയോ കളവോ വ്യാജമോ ആയിരുന്നു എന്നോ, താൻ അതത് സംഗതിപോലെ, പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ അല്ല എന്നോ പിന്നീട് എപ്പോഴെങ്കിലും, 1996-ലെ കേരള (പട്ടിക ജാതി-പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ് (1996-ലെ 11) പ്രകാരമോ നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ തെളിയിക്കപ്പെടുകയും, അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും അപ്രകാരം പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ ആറ് വർഷം കഴിഞ്ഞിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിലും ; അഥവാ".

3. 35-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 35-ാം വകുപ്പ് (എ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എഎ) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗത്തിന്റെ സംഗതിയിൽ, താൻ അതത് സംഗതിപോലെ, പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ അല്ല എന്ന് 1996-ലെ കേരള (പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ് (1996-ലെ 11) പ്രകാരമോ നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ തെളിയിക്കപ്പെട്ടിരിക്കുകയും അപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നുവെങ്കിലോ ; അഥവാ".

4. 52-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 52-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ "പ്രത്യേകം പറയുന്ന ഒരു പ്രഖ്യാപനം തന്റെ നാമനിർദ്ദേശ പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത പക്ഷം" എന്ന വാക്കുകൾക്ക് പകരം "രേഖപ്പെടുത്തിക്കൊണ്ട് അധികാരിതയുള്ള ഉദ്യോഗസ്ഥൻ നൽകിയ ജാതി സർട്ടിഫിക്കറ്റ് നാമനിർദ്ദേശ പത്രികയോടൊപ്പം ഹാജരാക്കാതിരിക്കുകയും ജാതി സംബന്ധിച്ച ഒരു സത്യപ്രസ്താവന തന്റെ നാമനിർദ്ദേശപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്ന പക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 153-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 153-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(ഇ) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനത്തേക്കുള്ള തെരെഞ്ഞടുപ്പിന്റെ കാര്യത്തിൽ ഒരു അംഗം, അതത് സംഗതി പോലെ, പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വ്യക്തിയല്ല എങ്കിൽ, താൻ പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ അംഗമാണെന്ന് രേഖപ്പെടുത്തിക്കൊണ്ട് അധികാരിതയുള്ള ഉദ്യോഗസ്ഥൻ നൽകിയ ജാതി സർട്ടിഫിക്കറ്റ് വരണാധികാരി മുൻപാകെ ഹാജരാക്കാത്ത പക്ഷം, പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(എഫ്) പട്ടികജാതിക്കാർക്കോ പട്ടിക വർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം, അതത് സംഗതി പോലെ, പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ അല്ല എന്ന് 1996-ലെ കേരള (പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ് (1996-ലെ 11) പ്രകാരമോ നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ തെളിയിക്കപ്പെടുകയും അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും ചെയ്താൽ, അപ്രകാരം പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ പ്രസിഡന്റ് സ്ഥാനത്ത് തുടരാൻ അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ലാത്തതും, പ്രസിഡന്റ് സ്ഥാനത്ത് ഒഴിവുണ്ടായതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കേണ്ടതുമാണ്.".

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 34, 35, 52, 153 എന്നീ വകുപ്പുകളിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ അയോഗ്യത സംബന്ധിച്ചും നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതു സംബന്ധിച്ചും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ തെരഞ്ഞെടുപ്പു സംബന്ധിച്ചും വ്യവസ്ഥ ചെയ്തിരിക്കുന്നു. വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി സംവരണസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരെ അയോഗ്യരാക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ പ്രസ്തുത വകുപ്പുകളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

** ** **

34. സ്ഥാനാർത്ഥികളുടെ അയോഗ്യത.—(1) ഒരാൾ ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായി തുടരുന്നതിനോ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ അയോഗ്യനായിരിക്കുന്നതാണ്,—

(എ) നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ആവശ്യങ്ങൾക്ക് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ നിയമത്തിൻകീഴിലോ അയാൾ അപ്രകാരം അയോഗ്യനാക്കപ്പെട്ടിരിക്കുന്നുവെങ്കിൽ ; അഥവാ

** ** **

35. അംഗങ്ങളുടെ അയോഗ്യതകൾ.—36-ാം വകുപ്പിലേയോ അല്ലെങ്കിൽ 102-ാം വകുപ്പിലേയോ വ്യവസ്ഥകൾക്ക് വിധേയമായി, ഒരാൾ,—

(എ) 34-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിച്ച പ്രകാരം കുറ്റക്കാരനാണെന്ന് കാണുകയോ അപ്രകാരമുള്ള കുറ്റത്തിന് വിധിക്കപ്പെട്ടിരിക്കുകയോ ; അഥവാ

** ** **

52. നാമനിർദ്ദേശപത്രിക സമർപ്പിക്കലും സാധുവായ നാമനിർദ്ദേശത്തിനുവേണ്ട സംഗതികളും.—(1) 49-ാം വകുപ്പ് (എ) ഖണ്ഡത്തിൻകീഴിൽ നിശ്ചയിക്കപ്പെടുന്ന തീയതിയിലോ അതിനു മുൻപോ ഓരോ സ്ഥാനാർത്ഥിയും നേരിട്ടോ തന്റെ നിർദ്ദേശകൻ വഴിയോ 50-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള നോട്ടീസിൽ ഇതിലേക്ക് നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തു വച്ച് ഉച്ചക്ക് മുൻപ് പതിനൊന്നുമണിക്കും ഉച്ചതിരിഞ്ഞ് മൂന്നുമണിക്കും ഇടയിൽ വരണാധികാരിക്ക് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ പൂരിപ്പിച്ചിട്ടുള്ളതും, സ്ഥാനാർത്ഥിയും നിർദ്ദേശകനായി നിയോജകമണ്ഡത്തിലെ ഒരു സമ്മതിദായകനും ഒപ്പിട്ടതുമായ ഒരു നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ടതാകുന്നു.

(2) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവർക്കുവേണ്ടി ഒരു സ്ഥാനം സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു നിയോജകമണ്ഡലത്തിൽ ആ സ്ഥാനം നികത്തുന്നതിന് തിരഞ്ഞെടുക്കപ്പെടാനുള്ള ഒരു സ്ഥാനാർത്ഥി താൻ ഏതു പ്രത്യേക ജാതിയിലോ വർഗ്ഗത്തിലോ പെട്ട അംഗമാണന്നു പ്രത്യേകം പറയുന്ന ഒരു പ്രഖ്യാപനം തന്റെ നാമനിർദ്ദേശ പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത പക്ഷം ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുവാൻ യോഗ്യനായി കരുതപ്പെടുന്നതല്ല.

** ** **

153. <u>പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്</u>.—(1) ഓരോ പഞ്ചായത്തിലും ആ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ഇടയിൽ നിന്നും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡന്റും വൈസ് പ്രസിഡന്റും ഉണ്ടായിരിക്കേണ്ടതും പ്രസിഡന്റ് പഞ്ചായത്തിന്റെ മുഴുവൻ സമയ കാര്യനിർവ്വഹണാധികാരസ്ഥൻ ആയിരിക്കുന്നതുമാണ്.

** ** **

(4) (എ) (3)-ാം ഉപവകുപ്പുപ്രകാരം സംവരണം ചെയ്ത പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനങ്ങൾ വിവിധ ജില്ലകളിലെ ഓരോ തലത്തിലുമുള്ള പഞ്ചായത്തുകളിലേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഗസറ്റ് വിജ്ഞാപനം വഴി വീതിച്ച് നൽകേണ്ടതാണ്.

** ** **

(ഡി) പൊതു തിരഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുൻപായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (എ)യും (ബി)യും (സി)യും ഖണ്ഡങ്ങൾ പ്രകാരം സംവരണം ചെയ്ത സ്ഥാനങ്ങൾ ആവർത്തനക്രമമനുസരിച്ച് വീതിച്ചു നൽകേണ്ടതും, ആവർത്തനക്രമം പട്ടികജാതിക്കാരുടേയോ പട്ടികവർഗ്ഗക്കാരുടേയോ സ്ത്രീകളുടേയോ ജനസംഖ്യാ ശതമാനം ഏറ്റവും കൂടിയ പഞ്ചായത്തിൽ നിന്ന് തുടങ്ങേണ്ടതും അതിനു ശേഷം ജനസംഖ്യാ ശതമാനം ഏറ്റവും കൂടിയ തൊട്ടടുത്ത പഞ്ചായത്തിലേക്ക് നൽകേണ്ടതും ഇതേ പ്രകാരം തുടരേണ്ടതുമാണ് :

എന്നാൽ പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യാൻ അർഹതയുള്ള പഞ്ചായത്തും, പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ സംവരണം ചെയ്യേണ്ട പഞ്ചായത്തും ഒന്നുതന്നെയാണെങ്കിൽ, അതതു സംഗതിപോലെ, അപ്രകാരം പ്രസിഡന്റിന്റെ ഔദ്യോഗികസ്ഥാനം സംവരണം ചെയ്യുന്നതിൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവർക്ക് മുൻഗണന നൽകേണ്ടതും പകരം ക്രമമനുസരിച്ച് തൊട്ടടുത്ത്, സ്ത്രീകളുടെ ഏറ്റവും കൂടുതൽ ജനസംഖ്യ ശതമാനമുള്ള പഞ്ചായത്തിലെ പ്രസിഡന്റിന്റെ ഔദ്യോഗികസ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതുമാണ് ;

എന്നുമാത്രമല്ല, പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ പ്രസിഡൻറിന്റെ ഔദ്യോഗിക സ്ഥാനം സംവരണം ചെയ്യപ്പെടുന്ന പഞ്ചായത്തുകളിൽ, സ്ത്രീകളുടെ ജനസംഖ്യാ ശതമാനം കൂടുതലുള്ളവ ക്രമമനുസരിച്ച് അവരിലെ സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ടതാണ് ;

കൂടാതെ, പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ അവരിലെ സ്ത്രീകൾക്കോ ഏതെങ്കിലും പഞ്ചായത്തിൽ പ്രസിഡന്റിന്റെ ഔദ്യോഗികസ്ഥാനം സംവരണം ചെയ്യുന്നത്, ആ പഞ്ചായത്തിൽ ആ വിഭാഗത്തിന് ഒരു നിയോജകമണ്ഡലമെങ്കിലും സംവരണം ചെയ്തിട്ടുണ്ടെങ്കിൽ മാത്രമായിരിക്കേണ്ടതാണ്.

** ** **